LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഈ നിയമവ്യവസ്ഥകൾ പല കരാറുകാരും ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് രജിസ്ട്രേഷൻ ഇല്ലാത്ത കരാറുകാരിൽ നിന്നും നിയമപ്രകാരം സർക്കാരിലേക്ക് അടയ്ക്കേണ്ട തുകയുടെ തോത് രജിസ്ട്രേഷൻ ചെയ്ത കരാറുകാരെ അപേക്ഷിച്ച് കൂടുതലാക്കിക്കൊണ്ട് വിൽപ്പനനികുതി നിയമം 1998-ൽ ഭേദഗതി ചെയ്തു. രജിസ്ട്രേഷൻ എടുക്കുകയോ റിട്ടേൺ ഫയൽ ചെയ്യുകയോ നികുതി അടയ്ക്കുകയോ ചെയ്യാതിരുന്നാൽ കരാറുകാർക്ക് ഒരവസരം കൂടി നൽകുന്നതിന് 1999-ലെ ധനകാര്യ നിയമപ്രകാരം വിൽപ്പന നികുതി നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് 1999 ഡിസംബർ മാസം 31-നകം രജിസ്ട്രേഷൻ ചെയ്യുകയോ റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കുകയോ ചെയ്യുന്നവരെ 1998-99 വരെയുള്ള കാലയളവിൽ നികുതി അടയ്ക്കാതിരിക്കാനുള്ള എല്ലാ നടപടികളിൽ നിന്നും ഒഴിവാക്കുന്നുണ്ട്. ഈ അവസരം കരാറുകാർ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ എടുത്ത കരാറുകാരുടെ നികുതി രണ്ടു ശതമാനവും 50 ലക്ഷം രൂപവരെയുള്ള കരാറുകാർക്ക് അഞ്ചു ശതമാനവുമാണ്. ഈ ആനുകൂല്യം ചെറുകിട കരാറുകാർക്കും ബാധകമാണ്. ചെറുകിട കരാറുകാർക്കുണ്ടാകുന്ന വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിൻമേലുള്ള നടപടികളെപ്പറ്റി ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(8) ചെല്ലാനം പഞ്ചായത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഓയിൽ ടാങ്കുകൾ മൂലമുളവാകുന്ന നെൽക്കൃഷി നാശം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിലെ കണ്ടക്കടവിൽ കൊച്ചിൻ റിഫൈനറീസ് നിർമ്മിക്കാനുദ്ദേശിക്കുന്ന 60,000 കിലോ ലിറ്റർ സംഭരണശേഷിയുള്ള 10 ക്രൂഡ് ഓയിൽ ടാങ്കുകൾ ആ പ്രദേശത്തുള്ള ഏകദേശം ആറായിരത്തോളം ഏക്കറിലെ പൊക്കാളി നെൽക്കൃഷിയും മൽസ്യക്കൃഷിയും നശിപ്പിക്കുമെന്നുള്ളതുകൊണ്ട് കൃഷിവകുപ്പ് ഈ കാര്യത്തിൽ ഒരന്വേഷണം നടത്തണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ പറയാനുള്ളത്. ആ പ്രദേശത്ത് ഇപ്പോൾ പൊക്കാളി വികസന ഏജൻസി വഴി കോടിക്കണക്കിന് രൂപയുടെ കൃഷിവികസനമാണ് നടന്നുകൊണ്ടിരിക്കുന്നത്. കൊച്ചിൻ റിഫൈനറിയുടെ വികസനം പോർട്ട് വഴി നടത്താവുന്നതാണ്. കൊച്ചിൻ റിഫൈനറിക്കുവേണ്ടി വൃന്ദാ ലാബ്സ് ലിമിറ്റഡ് ഹൈദ്രാബാദ് എന്ന കമ്പനി ഒരു റിപ്പോർട്ടുണ്ടാക്കി. കേരളവുമായി ബന്ധമില്ലാത്ത ആളുകളാണവർ. അതിനകത്തു പറഞ്ഞിരിക്കുന്നത് പോർട്ടിന് ഓരോ വർഷവും പതിനെട്ടും ഇരുപതും കോടി രൂപയുടെ ഡെമറേജ് കൊടുക്കേണ്ടി വരുന്നു എന്നാണ്. അതൊഴിവാക്കുന്നതിനുവേണ്ടിയാണ് അവർ സ്കീം ഉണ്ടാക്കുന്നത്. കൊച്ചിൻ പോർട്ടിന്റെ പ്രധാന വരുമാനം എണ്ണയിൽ നിന്നാണ്. സ്വാഭാവികമായി അവർക്ക് പോർട്ട് വഴി നടത്താവുന്നതേയുള്ളൂ. അവർ പുതിയ സ്കീം ഉണ്ടാക്കുന്നതുകൊണ്ടുള്ള ബുദ്ധിമുട്ട് ഇത്രയും ഏക്കറിലെ നെൽകൃഷിയും, ചെമ്മീൻ കൃഷിയുമെല്ലാം നഷ്ടമാകുന്നു. ഇതിനേക്കാളുമുപരി കടലിനടിയിലൂടെ 12 കിലോമീറ്റർ ദൂരം പൈപ്പിടുന്നതുകൊണ്ട് പുതിയ പരിസ്ഥിതി പ്രശ്നങ്ങളും സൃഷ്ടിക്കും. ഈ കാര്യത്തിൽ കൃഷിവകുപ്പ് ഇടപെട്ട് ഒരു ഇൻഡിപെൻഡന്റ് ഏജൻസിയെക്കൊണ്ടു അന്വേഷണം നടത്തിയശേഷം മാത്രമേ ഇതു അനുവദിക്കാവൂ എന്നാണ് എനിക്കു പറയാനുള്ളത്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ചെല്ലാനം പഞ്ചായത്തിലെ കണ്ടക്കടവിൽ 420 കർഷകർക്കായിട്ട് ഏകദേശം 500 ഏക്കർ കൃഷിഭൂമി ഉണ്ട്. ഇവിടെ മേയ്-ഒക്ടോബർ വരെ നെൽക്കൃഷിയാണ്. തുടർന്ന് മൽസ്യക്കൃഷിയും നടത്തിവരികയാണ്. നെല്ലിന്റെ കൃഷിവികസന ഏജൻസി വന്നതോടുകൂടി, ആ ഏജൻസിയുടെ മുൻകയ്യോടുകൂടി പൊക്കാളി കൃഷിക്കാർ താൽപ്പര്യപൂർവ്വം കൃഷി ചെയ്തുകൊണ്ടിരിക്കുന്ന സമയമാണിത്. എണ്ണ ടാങ്ക് നിർമ്മിക്കുന്നതിന് കൃഷിഭൂമി ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റ് അനുമതിയൊന്നും നൽകിയിട്ടില്ല. ഇതുമൂലമുണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചതുപോലെ അന്വേഷിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. ഈ സ്ഥാപനം നഷ്ടപ്പെടാതെ എവിടെ സ്ഥാപിക്കാൻ കഴിയുമെന്നുള്ളത്, മൽസ്യക്കൃഷി നടക്കുകയും വേണം കർഷകനു മുന്നോട്ടു പോകാനുള്ള സാവകാശവുമുണ്ടാകണം. അതിനെ സംബന്ധിച്ച് സ്വതന്ത്രമായി അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാണ്.

(9) തൃശൂർ-കൊടുങ്ങല്ലൂർ ഹൈവേയിൽ കരുവന്നൂർ വലിയ പാലത്തിനു പകരം പുതിയ പാലം പണിയണമെന്ന ആവശ്യം

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, തൃശൂർ-കൊടുങ്ങല്ലൂർ സ്റ്റേറ്റ് ഹൈവേയിൽ കരുവന്നൂർ വലിയ പാലം വളരെ ദുർബലമായതിനാൽ സമീപം പുതിയൊരു പാലം പണിയുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിലവിലുള്ള പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തി ഉടനെ ഗതാഗതയോഗ്യമാക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഇതിന് കാലതാമസമുണ്ടായാൽ വലിയ അത്യാഹിതങ്ങളുണ്ടാകാൻ സാധ്യതയുള്ളതുകൊണ്ട് എത്രയുംവേഗം ഈ കാര്യത്തിൽ നടപടികൾ സ്വീകരിക്കണം. പറവൂർ, കൊടുങ്ങല്ലൂർ, മാള, ഇരിങ്ങാലക്കുട, ചേർപ്പ്, തൃശൂർ എന്നീ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഏറ്റവും ഗതാഗത തിരക്കുള്ള സ്റ്റേറ്റ് ഹൈവേയിലെ പാലമാണിത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, കൊടുങ്ങല്ലൂർ-തൃശൂർ ഹൈവേയിൽ 1935-ൽ പണി കഴിപ്പിച്ച പാലമാണിത്. കാലപ്പഴക്കംമൂലം അടിഭാഗത്തെ സ്റ്റീൽ ഗർഡറുകൾ തുരുമ്പെടുത്ത് കേടുപാടുകൾ വന്നിട്ടുണ്ട്. കൊടുങ്ങല്ലൂർ ഭാഗത്തുള്ള രണ്ടു സ്ഥാനങ്ങളിലും തൃശൂർ ഭാഗത്തുള്ള രണ്ടു സ്ഥാനങ്ങളിലും കൂടുതൽ കേടുപാടുകൾ ഉണ്ടായിട്ടുണ്ട്. ഇപ്പോഴത്തെ അവസ്ഥയിൽ റിപ്പെയർ ജോലികൾ ചെയ്യുന്നതുകൊണ്ട് വലിയ പ്രയോജനം ഇല്ലെന്നാണ് വിദഗ്ദ്ധാഭിപ്രായം. വാഹനങ്ങൾ കടന്നുപോകുമ്പോൾ വൈബ്രേഷൻ അനുഭവപ്പെടുന്നുണ്ട്. വാഹനങ്ങളുടെ സ്പീഡ്, ഭാരം എന്നിവ നിയന്ത്രിക്കണമെന്ന് ബോർഡും സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പാലം പുതുക്കിപണിയുന്നതിനുവേണ്ടി 400 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ഏറ്റവും വേഗത്തിൽ ഇതിന്മേൽ തീരുമാനമെടുക്കുന്നതാണ്. റിപ്പെയർ ജോലികൾക്കായി 35 ലക്ഷം രൂപയും ശുപാർശ ചെയ്തിട്ടുണ്ട്. പാലം പണിയുന്നതിന് ആവശ്യമായ സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly